**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **30-07-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്താകമാനമുള്ള മത്സ്യത്തൊഴിലാളികൾ എത്രയെന്നും ഇവരിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളായി എത്ര കുടുംബങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 2020ലെ കണക്കുകൾ പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ മത്സ്യത്തൊഴിലാളികൾ 240211 ആണ്. ആയതിൽ കടൽ മത്സ്യത്തൊഴിലാളികൾ 189200 ഉം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 51011 ഉം ആണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. എന്നാൽ FIMS ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജല പരിഷ്കരണ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന്റെ കരട് നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതമാകുന്ന ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | 20 മീറ്റർ വരെ നീളമുള്ളതും, 250 എച്ച്.പി വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് ലൈസൻസ് നിജപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ടിന്റെയും ബന്ധപ്പെട്ട റൂളിന്റെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാന ബോട്ടുകൾക്ക് കേരള തീരത്ത് പ്രവേശിക്കുന്നതിനും, ഹാർബർ സൗകര്യം ഉപയോഗിക്കുന്നതിനും 25000/- രൂപ പെർമിറ്റ് ഫീസും ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ട് പ്രകാരം കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴത്തിലും പരവൂർ പൊഴിക്കര മുതൽ ബങ്കാര മഞ്ചേശ്വരം വരെ 20 മീറ്റർ ആഴത്തിലും മെക്കനൈസ്ഡ് ബോട്ടുകൾക്ക് |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനം നടത്തുന്നതിന് നിരോധനമേർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കുന്നതിനായി കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുകയും അതനുസരിച്ച പുതുക്കിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2018 സെപ്റ്റംബർ 1 മുതലാണ് പുതിയ ചട്ടങ്ങൾ ഉത്തരവായിട്ടുള്ളത്. ആയത് പ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## Fisher folk Marine Families - July 2021

| Sl.No | District | No of Fisher folk Marine Families | No of Fisher folk Inland Families |
|---|---|---|---|
| **1** | Thiruvananthapuram | 30571 | 78 |
| **2** | Kollam | 15220 | 3965 |
| **3** | Pathanamthitta | 0 | 214 |
| **4** | Alappuzha | 21022 | 7804 |
| **5** | Kottayam | 0 | 3364 |
| **6** | Idukki | 0 | 187 |
| **7** | Ernakulam | 10046 | 8959 |
| **8** | Thrissur | 5101 | 922 |
| **9** | Palakkad | 0 | 504 |
| **10** | Malappuram | 19400 | 731 |
| **11** | Kozhikkode | 15006 | 828 |
| **12** | Wayanad | 0 | 31 |
| **13** | Kannur | 4446 | 1325 |
| **14** | Kasargod | 6186 | 530 |
| | **Total** | **126998** | **29442** |

**സെക്ഷൻ ഓഫീസർ**